**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3750** **27-10-2021 - ൽ മറുപടിയ്ക്ക്**

**സർട്ടിഫിക്കറ്റുകൾക്കും സേവനങ്ങൾക്കുമുള്ള ഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ് കാലത്ത് റെയിൽവേ, എണ്ണക്കമ്പനികൾ ഉൾപ്പെടെ കേന്ദ്ര സർക്കാരിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങൾ നൽകുന്ന സേവനത്തിനും അവശ്യ വസ്തുക്കൾക്കും ഫീസും ചാർജും വിലയും വർദ്ധിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് വിപരീതമായി സംസ്ഥാന സർക്കാർ നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകൾക്കും സേവനങ്ങൾക്കുമുള്ള ഫീസ് ഒഴിവാക്കിയത് പൊതുജനങ്ങൾക്ക് ഏറെ ആശ്വാസകരമായി എന്നത് പരിശോധിച്ചിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ സംസ്ഥാന സർക്കാർ നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകൾക്കും സേവനങ്ങൾക്കുമുള്ള ഫീസ് ഒഴിവാക്കിയത് പൊതുജനങ്ങൾക്ക് ഏറെ ആശ്വാസകരമായി എന്ന് വിലയിരുത്തുന്നു. |
| (ബി) | നിരന്തരം ആവശ്യമുള്ള നിരവധി സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമം ലഘൂകരിക്കുകയോ ഒഴിവാക്കുകയോ ചെയ്യുന്നത് ജനങ്ങൾക്ക് ഏറെ സൗകര്യപ്രദമാണെന്നും സർക്കാർ ഓഫീസുകളിലെ അമിത ജോലിഭാരം ലഘൂകരിച്ച് കാര്യക്ഷമത വർദ്ധിപ്പിക്കാൻ കാരണമാകുമെന്നും വിലയിരുത്തുന്നുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | സാക്ഷ്യപത്രങ്ങളും സേവനങ്ങളും സമയബന്ധിതമായി നൽകുന്നതിനും സിവിൽ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ചുവരുന്ന മറ്റ് നടപടികൾ വിശദമാക്കാമോ? | (സി) | പരമാവധി സർക്കാർ സേവനങ്ങൾ സർക്കാർ ഓഫീസ് സന്ദർശിക്കാതെ തന്നെ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന്റെ ഭാഗമായി പരമാവധി സേവനങ്ങൾ ഓൺലൈൻ വഴി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സർക്കാർ സേവനങ്ങൾ ലഭ്യമാക്കുമ്പോൾ ആവശ്യപ്പെടുന്ന സർട്ടിഫിക്കറ്റുകൾ, ഗസറ്റഡ് ഉദ്യോഗസ്ഥൻ/നോട്ടറി എന്നിവരുടെ സാക്ഷ്യപ്പെടുത്തലുകൾ എന്നിവ കഴിയുന്നത്ര ഒഴിവാക്കാനും സേവനം ലഭ്യമാക്കാനുള്ള പ്രക്രിയ ലഘൂകരിക്കാനുമുള്ള നടപടികളാണ് ആസൂത്രണം ചെയ്തുവരുന്നത്. ആദ്യഘട്ടത്തിൽ ചില വകുപ്പുകളുടെ നേറ്റിവിറ്റി സർട്ടിഫിക്കറ്റ്, റസിഡന്റ്സ് സർട്ടിഫിക്കറ്റ്, മൈനോറിറ്റി സർട്ടിഫിക്കറ്റ്, ലൈഫ് സർട്ടിഫിക്കറ്റ്, one and the same certificate, |

ബന്ധുത്വ സർട്ടിഫിക്കറ്റ്, കുടുംബഅംഗത്വ സർട്ടിഫിക്കറ്റ്, ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്, മിശ്രവിവാഹ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ മാപ്പ്-ലൊക്കേഷൻ സർട്ടിഫിക്കറ്റ്, ആഭ്യന്തരവകുപ്പ് അറ്റസ്റ്റേഷൻ എന്നീ 12 ഇനം സേവനങ്ങൾ ലഘൂകരിക്കുന്നതിനും പൗരന്മാർക്ക് വിവിധ സർട്ടിഫിക്കറ്റുകൾ/സേവനങ്ങൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരി ക്കുന്നതിനും നിയമപ്രകാരമുള്ള വിവിധ അനുമതിക്കുള്ള നടപടിക്രമങ്ങൾ സുഗമമാക്കുന്നതിനും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. i. വിവിധ സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി രേഖകൾ/ സർട്ടിഫിക്കറ്റുകൾ എന്നിവ ഗസറ്റഡ് ഉദ്യോഗസ്ഥൻ/നോട്ടറി സാക്ഷ്യപ്പെടുത്തണം എന്ന രീതി ഒഴിവാക്കി രേഖകളുടെ/സർട്ടഫിക്കറ്റുകളുടെ പകർപ്പുകൾ സ്വയം സാക്ഷ്യപ്പെടുത്തിയാൽ മതിയാകും. ii. പൗരന്മാർക്ക് നൽകുന്ന സേവനങ്ങൾക്ക് ഒരു നിശ്ചിത തുക അവരിൽനിന്നും അപേക്ഷാഫീസായി ഈടാക്കുന്നുണ്ട്. ആദ്യഘട്ടമെന്ന നിലിയിൽ ബിസിനസ്സിനും വാണിജ്യത്തിനും ഒഴികെയുള്ള പൗരസേവനങ്ങൾ ലഭിക്കുന്നതിനായി അപേക്ഷാ ഫീസ് ഒടുക്കുന്നതിൽ നിന്നും പൗരന്മാരെ ഒഴിവാക്കുന്നു. iii. പൗരന്മാർക്ക് നൽകുന്ന സേവനങ്ങൾക്കായി സമർപ്പിക്കേണ്ട എല്ലാ അപേക്ഷാഫോമുകളും ലളിതമാക്കാനും കഴിയുന്നിടത്തോളം ഒരു പേജിൽ മാത്രം പരിമിതപ്പെടുത്താനും നിശ്ചയിച്ചിട്ടുണ്ട്. iv. ഒരിക്കൽ നൽകിയ എല്ലാ സർട്ടിഫിക്കറ്റുകളും ഏതെങ്കിലും സർക്കാർ വകുപ്പിലെ എല്ലാ ആവശ്യങ്ങൾക്കും ഉപയോഗിക്കാം. സർട്ടിഫിക്കറ്റ് നൽകുന്ന അധികാരി ഒരു പ്രത്യേക ഉദ്ദേശത്തിന്/ഉപയോഗത്തിന് മാത്രമാണ് പ്രസ്തുത സർട്ടിഫിക്കറ്റ് നൽകുന്നതെന്ന് ഒരു കാരണവശാലും സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്താൻ പാടില്ല. v. ചില വകുപ്പുകൾ നൽകുന്ന സേവനങ്ങൾ/ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനായി മറ്റു ചില സർട്ടിഫിക്കറ്റുകൾ/ രേഖകൾ ഹാജരാക്കണ മെന്നുള്ള വകുപ്പുകളുടെ നിർബന്ധം പൗരന്മാർക്ക് സേവനം ലഭിക്കുന്നതിന് കാലതാമസം ഉണ്ടാക്കുകയും ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്യുന്നു. ഇത് മറികടക്കാൻ ടി സേവനങ്ങൾക്ക് അപേക്ഷകന്റെ സത്യവാങ്മൂലം കൂടി നിഷ്കർഷിക്കുന്നു. നോൺക്രിമിലെയർ സർട്ടിഫിക്കറ്റ്, EWS സാക്ഷ്യപ്പെടുത്തൽ സർട്ടിഫിക്കറ്റ്, SC/ST വിഭാഗങ്ങൾക്കായി നിലവിലെ നിയമപ്രകാരം നൽകുന്ന സർട്ടിഫിക്കറ്റ് എന്നിവ ഇതിന്റെ

| | | | |
|---|---|---|---|
| | | | പരിധിയിൽ നിന്ന് ഒഴിവാക്കുന്നു. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതോടുകൂടി സംസ്ഥാനത്ത് പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ അഴിമതിരഹിതവും സമയബന്ധിതവുമായി നൽകുന്നത് ത്വരിതപ്പെടുത്തുന്നതിന് സഹായകമാകും. |

സെക്ഷൻ ഓഫീസർ